# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

നമ്പർ 1/2018-19/ 13-6-2018

## വിജ്ഞാപനം

കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട വില്ലേജിൽ സ്ഥിതിചെയ്യുന്ന കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ശാസ്താംകോട്ട 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും കരുനാഗപ്പള്ളി 66 കെ.വി സബ്സ്റ്റേഷനിലേക്ക് വലിച്ചിട്ടുള്ള 66 കെ.വി പ്രസരണ ലൈൻ ശേഷി വർദ്ധിപ്പിച്ച് 110 കെ.വി ആക്കി ഉയർത്തുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതാകുന്നു. പ്രസ്തുത ജോലിയുടെ ഭാഗമായി, ലൈനിന്റെ സർവ്വേയ്ക്കും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ് ലിമിറ്റഡിന്റെ ഉദ്യോഗസ്ഥന്മാരും അവർ താല്കാലികമായി നിയമിക്കുന്നവരും, ഈ ലൈൻ കടന്നുപോകുന്ന ശാസ്താംകോട്ട,പോരുവഴി,ശൂരനാട് തെക്ക്, തൊടിയൂർ എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലും കരുനാഗപ്പള്ളി മുനിസിപ്പൽ പ്രദേശത്തും ഉള്ള പുരയിടങ്ങളിൽക്കൂടി അവരുടെ നിയമാനുസൃത കൃത്യനിർവ്വഹണത്തിനായി ആവശ്യമുള്ള ഏത് സമയത്തും പ്രവേശിക്കുന്നതാണെന്ന വിവരം 2003-ലെ ഇലക്ട്രിസിറ്റി ആക്ട് 164 പ്രകാരം ബന്ധപ്പെട്ട എല്ലാവരേയും ഇതിനാൽ അറിയിക്കുന്നു.

എന്ന്

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
ട്രാൻസ്മിഷൻ സർക്കിൾ
കൊട്ടാരക്കര.

പി.ആർ./എം.സി-1/574/688/18